2012-13-ൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ പ്രതിവർഷം, 1257 കോടി രൂപയുടെയും, 2013-14-ൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ പ്രതിവർഷം 642.47 കോടി രൂപയുടെയും, 2014-15-ൽ നടപ്പിലാക്കിയ താരിഫ്, വർദ്ധനവിലൂടെ പ്രതിവർഷം 600 കോടി രൂപയുടെയും അധിക വരുമാനം കണക്കാക്കിയിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി. 2012-13 സാമ്പത്തിക വർഷം വരെ കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന നിശ്ചിത വരുമാനം ലാഭം അക്കൗണ്ട്സിൽ കാണിക്കുന്നുണ്ട്. ഇപ്രകാരം ലാഭം കാണിക്കേണ്ട തുകയിൽ വന്ന കുറവും നഷ്ടവും ചേർത്ത് റവന്യൂ ഗ്യാപ്പ് അഥവാ റെഗുലേറ്ററി അസറ്റായി വരവുവച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം മുതൽ കമ്പനി ആക്ട് പ്രകാരമുള്ള നഷ്ടം/ലാഭം കാണിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	റവന്യൂ ഗ്യാപ്പ്/ റെഗുലേറ്ററി അസറ്റ്	നഷ്ടം (തുക കോടിയിൽ)
2010-11	1229.62	...
2011-12	1934.13	...
2012-13	3998.89	...
2013-14	848.29 (31-10-2013 വരെ)	24.25 (1-11-2013 മുതൽ 3-3-2014)
2014-15	...	1272.90

വൈദ്യുതി ഉല്പാദനം

59 (426) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെയായി എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 218.95 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പദ്ധതികൾ കമ്മീഷൻ ചെയ്തു. ഇവയുടെ ആകെ ശരാശരി വാർഷിക ഉത്പാദന ശേഷി 553.60 ദശലക്ഷം യൂണിറ്റ് ആണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 42.91 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പദ്ധതികളാണ് കമ്മീഷൻ ചെയ്തത്. ഇതിൽ നിന്നുമുള്ള ശരാശരി വാർഷിക ഉത്പാദന ശേഷി 98.61 ദശലക്ഷം യൂണിറ്റ് ആണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വൈദ്യുതി ഉല്പാദനത്തിന് പുതിയ പദ്ധതികൾ

60 (427) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനത്തിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

കെ.എസ്.ഇ.ബി.-യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പുതിയ പദ്ധതികൾക്ക് പുറമേ 23 ചെറുകിട ജലവൈദ്യുത പദ്ധതികൾ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിലൂടെ സ്വകാര്യ മേഖലയിൽ Ipp/cpp വിഭാഗത്തിലായി അനുവദിക്കുകയും ആയതിന്റെ നടപടികൾ തുടർന്നുവരികയും ചെയ്യുന്നു. അതോടൊപ്പം 64 പീക്കോ ജലവൈദ്യുത പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ കമ്മീഷൻ ചെയ്യുന്നതിനും സാധിച്ചു.

(ബി) 218.9 മെഗാവാട്ടിന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് കെ.എസ്.ഇ.ബി.എൽ. ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 മെഗാവാട്ടിന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.